I ഇ.ബി. XIV-കേരള നിയമസഭ/XX

# പതിനാലാം കേരള നിയമസഭ

ഇരുപതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2020 ആഗസ്റ്റ് 24, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനം 2020 ആഗസ്റ്റ് 24-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ചേർന്നു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിക്കുന്നതിനായി ബഹുമാനപ്പെട്ട അംഗങ്ങൾ പ്രത്യേകം പ്രത്യേകം കസേരകളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I ചരമോപചാരം

എം. പി. വീരേന്ദ്രകുമാർ, പി. കെ. കുമാരൻ, വി. കെ. ബാബു, പി. നാരായണൻ എന്നിവരുടെ നിര്യാണം

രാജ്യസഭാംഗവും മുൻ കേന്ദ്രമന്ത്രിയും മുൻ കേരള നിയമസഭാംഗവും എഴുത്തുകാരനമായിരുന്ന എം. പി. വീരേന്ദ്രകുമാർ, മുൻ

നിയമസഭാംഗങ്ങളായിരുന്ന പി. കെ. കുമാരൻ, വി. കെ. ബാബു, പി. നാരായണൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II അവിശ്വാസ പ്രമേയം

മി. സ്പീക്കർ: ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദത്തിനായി ശ്രീ. വി. ഡി. സതീശൻ നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് പ്രമേയം അവതരിപ്പിക്കാനുള്ള അനുവാദം ആവശ്യപ്പെടാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: 'ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ഈ സഭ അവിശ്വാസം രേഖപ്പെടുത്തുന്നു' എന്ന പ്രമേയത്തിന് അവതരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഇരുപതിൽ കുറയാത്ത അംഗങ്ങൾ അനുകൂലിക്കുന്നതിനാൽ പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി നൽകുകയും ഗവൺമെന്റ് കാര്യങ്ങൾക്കുശേഷം ചർച്ച നടത്തുന്നതായിരിക്കുമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ

സഭയെ അറിയിക്കുകയും ചെയ്തു.)

## III ക്രമപ്രശ്നം

സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതുസംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇന്ത്യൻ ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡപ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടം അനുസരിച്ചും സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കംചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. എം. ഉമ്മർ നൽകിയ പ്രമേയത്തിന് അവതരണാനുമതി നൽകണം.

മി. സ്പീക്കർ: ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡപ്രകാരവും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടം അനുസരിച്ചും സ്പീക്കറെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിനുള്ള പ്രമേയം സഭ പരിഗണനയ്ക്കെടുക്കണമെങ്കിൽ 14 ദിവസങ്ങൾക്ക് മുമ്പെങ്കിലും നോട്ടീസ് നൽകിയിരിക്കണം. പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം ഭരണഘടനാപരമായ ബാധ്യത നിറവേറ്റുന്നതിനുള്ള ഉത്തരവാദിത്തവും ചെയറിൽ നിക്ഷിപ്തമാണ്.

ഭരണപക്ഷവും പ്രതിപക്ഷവും കൂടിയാലോചിച്ചാണ് സഭാ സമ്മേളനത്തിന്റെ തീയതി നിശ്ചയിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഇന്ത്യൻ ഭരണഘടനയുടെ 179-ാം അനുച്ഛേദം (സി) ഖണ്ഡപ്രകാരം ഈ പ്രമേയം ചർച്ചയ്ക്കെടുക്കാൻ നിർവ്വാഹമില്ല.

## IV ചെയർമാൻമാരുടെ പാനൽ

സർവ്വശ്രീ കെ. ദാസൻ, മാത്യു ടി. തോമസ്, എം. വിൻസെന്റ് എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ രണ്ടാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## VI ധനകാര്യം

2020-2021 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി

മേശപ്പുറത്ത് വച്ചു.

## VII റിപ്പോർട്ട് സമർപ്പണം

1. I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടു.

2. പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ നൂറ്റിനാല് മുതൽ നൂറ്റി ഒമ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

3. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പത്തൊമ്പതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VIII ചട്ടം സസ്പെന്റ് ചെയ്യുന്നതിനുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സഭാസമ്മേളനങ്ങൾ യഥാസമയം ചേരാൻ കഴിയാതിരുന്ന

സാഹചര്യത്തിൽ 2020-ലെ കേരള ധനകാര്യ ബില്ലും 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കാതെ തന്നെ പാസ്സാക്കേണ്ട സാഹചര്യം നിലനിൽക്കുന്നതിനാൽ പ്രസ്തുത ആവശ്യത്തിനായി നിയമസഭാ നടപടിചട്ടം 76(1) താത്കാലികമായി സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ പാസ്സാക്കി.

## IX നിയമനിർമ്മാണകാര്യം

### താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2020-ലെ കേരള ധനകാര്യ ബിൽ

(ii) 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-ലെ കേരള ധനകാര്യ ബില്ലും 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനകാര്യ ബില്ലും 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്കെടുത്തു.

2020-ലെ കേരള ധനകാര്യ ബിൽ

2-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

19. In section 3 A proposed to be substituted in the Kerala Surcharge on Taxes Act, 1957 by clause 2,

(a) in sub-section (5) the words and figures " 31st July," shall be substituted with the words and figures " 30th November, " wherever it occurs.

(b) in sub-section (7) for the words and figures " 31st December, 2020" the words and figures " 31st March, 2021" shall be substituted.

(c) in sub-section (12), for the word " their" the word " the" shall be substituted.

90. In the proviso to section 3A(7) proposed to be substituted in the Kerala Surcharge on Taxes Act, 1957, by clause 2 for the words “ four installment” the words “ four installments” shall be substituted.

92. In section 3A(8) proposed to be substituted in the Kerala Surcharge on Taxes Act, 1957 by clause 2 for the word “ assesse” the words “ assessee” shall be substituted.

25, 26, 27, 33, 36, 45, 59, 64, 71, 85, 88, 103, 104 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

107. (1) In section 28 C proposed to be substituted in the Kerala Stamp Act, 1959 (17 of 1959) by Clause 3(3) after the words " time to time" the words " in such manner as may be prescribed by rules" shall be substituted.

(2) In Clause 3(4)(b), after the words, " for the entries" , the words, " against it" shall be inserted.

109, 110, 115, 124, 132, 135, 138, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

141. (1) In section 7 A proposed to be inserted in the Kerala

General Sales Tax Act, 1963 (15 of 1963) by Clause 4 (1),

(a) in sub-clause (a), for the words and figures “ 31st July, 2020” the words and figures “ 30th November, 2020” shall be substituted;

(b) in sub- clause (d),-

(i) for the words “ paid in installments” the words “ paid in four installments” shall be substituted;

(ii) for the words and figures “ 31st December, 2020” the words and figures “ 31st March, 2021” shall be substituted;

(2) In section 23 B proposed to be substituted in the Kerala General Sales Tax Act, 1963 by Clause 4 (2),

(a) to sub-section (1) the following Explanation shall be inserted, namely:-

“ Explanation,-Arrears for the purpose of this section shall include the tax remaining unpaid as on the date of option, under clause (a) of sub-section (1) of section 47 pursuant to the payment of compounding fee mentioned therein”

(b) in sub-section (5), for the words and figures “ 31st July, 2020” the words and figures “ 30th November, 2020” shall be substituted;

(c) in sub-section (7), for the words and figures “ 31st December, 2020” the words and figures “ 31st March, 2021”

and for the word " dealer" the word " assessee" shall be substituted;

(d) in sub-section (10), after the word " Appeals" the words " and Revisions" shall be inserted.

146, 155, 158, 162, 189, 197, 202, 208, 214, 215 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

222. (1) Section 5 (7) proposed to be inserted in the Kerala Building Tax Act, 1975 by Clause 5(1) (b) shall be omitted.

(2) In clause 5 (2) (b), for the word " substituted" the word " inserted" shall be substituted.

(3) For " Schedule I" proposed to be substituted in the Kerala Building Tax Act, 1975 by Clause 5(3)(a) of the following Schedule shall be substituted.

225, 230, 241, 247, 250, 260, 262, 263, 265, 267, 269, 271, 275, 277, 279, 280, 283, 285, 286, 287, 288, 290 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

291. (1) In clause 6 of the Bill after the words "In the Kerala Motor Vehicles Taxation Act," the figures "1976" shall be inserted.

(2) In sub-section (7A) of section 3 of the Kerala motor Vehicles Taxation Act, 1976 (19 of 1976), proposed to be inserted by sub-

clause (2) of clause 6 of the Bill, for the words " shall be paid for each year" the words " shall be paid for each year or part thereof" shall be substituted.

(3) In sub-clause (3), in item (b), in sub item (ii), after the words " item (ii)" the words " and entries against it" shall be inserted.

(4) In sub-item (b), of item (iia) of serial number 7, in the Schedule of the said Act, proposed to be inserted by sub-item (ii) of item (b) of sub-clause (3), after the words and figures " Vehicles with more than 20 seats" the words " including driver" shall be inserted.

292, 295, 297, 298, 300, 301, 304, 305, 307, 318, 319, 322, 324, 327, 330, 331, 334, 339, 342, 344, 350 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

356. In section 37C of the Kerala Agricultural Income Tax Act, 1991 (15 of 1991) proposed to be substituted by clause 7, of the Bill,-

(a) in sub-section (5), for the words and figures " 31st July, 2020" the words and figures " 30th November, 2020" shall be substituted;

(b) in sub-section (7), for the words and figures " 31st December, 2020" the words and figures " 31st March, 2021" and for the word " dealer" wherever they occur the word " assessee" shall be substituted;

(c) in sub-section (11), after the word " Appeals" the words " and Revisions" shall be inserted.

359, 360, 361, 362, 363, 366, 368, 372, 378, 379, 380, 381, 384, 386, 388, 389, 390, 391, 392, 393, 394, 404, 405, 407, 409, 411, 412 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

414, 416, 420, 421, 423, 424, 427, 428, 430, 431 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>9-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

432. (1) In section 12 of the Kerala Finance Act, 2019 (5 of 2019) proposed to be substituted by sub-clause (1) of Clause 9 of Bill,-

(a) to sub-section (1), the following Explanation shall be inserted, namely:-

" Explanation.- Arrears for the purpose of this section shall include the tax remaining unpaid as on the date of option, under clause (a) of sub-section (1) of section17B of the former Act

pursuant to the payment of compounding fee mentioned therein" ;

(b) in sub-section (5) for the words and figures " 31st July, 2020" the words and figures " 30th November, 2020" shall be substituted;

(c) in sub-section (7) for the words and figures " 31st December, 2020" the words and figures " 31th March, 2021" shall be substituted;

(d) in sub-section (12), for the word " Dealers" the word " Assessees" shall be substituted;

(2) in sub-clause (2), in clause (b), words " figures and" shall be omitted;

433, 434, 435, 437, 440, 441, 443, 444, 449, 450, 453, 454, 457, 458, 459, 461, 462, 463, 464, 465, 466, 467, 469 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

462. In the proviso to section 12 (7) proposed to be substituted in the Kerala Finance Act, 2019 by Clause 9(1) for the word " instalment" the word " instalments" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും

സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>10-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

473. (a) To sub-clause (1) of clause 10 of the Bill, the following Explanation shall be inserted, namely:-

" Explanation.- Arrears for the purpose of this section shall include the tax remaining unpaid as on the date of option, under clause (a) of sub-section (1) of section 74 of the former Act pursuant to the payment of compounding fee mentioned therein" .

(b) in sub-clause (5), for the words letters and figures " 31st July, 2020" the words letters and figures " 30th November, 2020" shall be substituted;

(c) in sub-clause (7), for the word " dealer" the word " assessee" and for the words letters and figures " 31st

December, 2020" the words and figures " 31st March, 2021" shall respectively be substituted;

(d) in sub-clause (12), for the word " dealer" the word " assessee" shall be substituted.

474, 476, 477, 478, 479, 480, 481, 482, 483, 484, 488, 493, 497, 498, 502 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

502. In the proviso to clause 10(7), for the word "instalment" the word "installments" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

504. (a) In sub-clause (2) of clause 11 of the Bill, for the words and figures " 31st July, 2020" the words and figures " 30th November, 2020" shall be substituted;

(b) In sub-clause (5) of clause 11 of the Bill, for the words and figures " 31st December, 2020" the words and figures " 31st March, 2021" shall be substituted.

505, 507, 508, 509, 510, 511, 512, 513 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

516. In sub-clause (1) of clause 12 of the Bill, in item(a), for the word,

letters and figures " 30th April, 2019" the word, letters and figures " 30th April 2020" shall be substituted.

517, 520, 521, 522, 523, 524, 525 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>13-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

526. After clause 13 of the Bill the following clauses shall be inserted, namely:-

" 14. Extension of time limit.- Where, any time limit has been specified in, or prescribed, under the specified Act terminates on the 31st day of March, 2020 for the completion of compliance of such action, as completion of any proceeding or passing of any order or issuance of any notice relating to any assessment, proceeding to determine, any tax, penalty or other amounts or such other action, by whatever name called, by any authority, under the provisions of the specified Act and where completion

or compliance or such action has not been made within such time, then, the time limit for completion or compliance of such action shall, notwithstanding anything contained in the specified Act, stand extended to the 31st day of March, 2021.

*Explanation*.- For the purpose of this section, specified Act means the Kerala General Sales Tax Act, 1963, (15 of1963), the Kerala Tax on Luxuries Act 1976 (32 of 1976) (former Act), the Kerala Agricultural Income Tax Act, 1991 )15 of 1991), the Kerala Value Added Tax, 2003 (30 of 2004) (former Act)."

15. Validation.- Notwithstanding anything contained in the Kerala Building Tax Act, 1975 (7 of 1975) any tax collected or paid under section 5 at the rate specified in Schedule I of the said Act, at such higher rates, by virtue of the provisions of the Kerala Finance Bill, 2020 (Bill No, 257 of XIV Kerala Legislative Assembly) in respect of the period with effect from 1st day of April, 2020 to the date of publication of this Act, shall, be deemed to have been validly collected or paid and the tax so collected shall not be refunded.

527-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

6. For sub-clause (2) the following shall be substituted, namely:-

" (2)Save as otherwise provided in this Act,-

(a) sub-section (10) of section 8 shall be deemed to have come into force on the 18th day of May, 2020, sub section (1) and sub-section (11) of section 8 shall be deemed to have come into force on the 30th day of June, 2020 and the remaining provisions of section 8 shall come into force on such date as the Government may by notification in the official Gazette, appoint;

(b) the remaining provisions of the Act, shall be deemed to have come into force on the 1st day of April, 2020." .

1, 2, 4, 9, 17 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

(ii) 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2-ാം വകുപ്പ്

45, 49, 52, 53, 59, 60, 62, 65 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

29. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

" (2) ഇത് 2020 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്"

1, 8, 21, 23, 25, 27, 32, 36, 40, 41, 43 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): 2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

**ധനകാര്യം (തുടർച്ച)**

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും ധനവിനിയോഗ ബില്ലും പരിഗണിക്കുന്നതിനുള്ള പ്രമേയം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊവിഡ് 19 രോഗഭീഷണി നിലനിൽക്കുന്നതിനാൽ സഭാസമ്മേളനം തുടർന്നുപോകാൻ നിർവ്വാഹമില്ലാത്ത സാഹചര്യത്തിൽ സഭയുടെ മേശപ്പുറത്തുവച്ച ഉപധനാഭ്യർത്ഥനകളും അനുസംബന്ധിച്ച ധനവിനിയോഗ ബില്ലും ചട്ടം 153(2)-ന് താൽക്കാലിക ഇളവുവരുത്തി ഇന്നുതന്നെ പരിഗണിക്കുവാൻ ഈ സഭ തീരുമാനിക്കുന്നുവെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു. ഉപധനാഭ്യർത്ഥനകളും അതുസംബന്ധിച്ച ധനവിനിയോഗ ബില്ലും പരിഗണനയ്ക്കെടുത്തു.

## 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ പരിഗണന

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാ ഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം,

കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവും വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന

XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(iii) 2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബില്ലിന്റെ പരിഗണന

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-ലെ കേരള ധനവിനിയോഗ (3-ാം ) നമ്പർ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന

പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2020-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## X ഗവൺമെന്റ് പ്രമേയം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരണം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും അദാനി എന്റർപ്രൈസസിനെ ഏൽപ്പിക്കാൻ 19-8-2020-ന് ചേർന്ന കേന്ദ്ര മന്ത്രിസഭായോഗം തീരുമാനമെടുത്തിരിക്കുന്നു. പ്രസ്തുത വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും സംസ്ഥാന സർക്കാരിന് മുഖ്യപങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ നിക്ഷിപ്തമാക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ശക്തമായ ആവശ്യം പരിഗണിക്കാതെയാണ് ഈ തീരുമാനം.

ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും ബഹുമാനപ്പെട്ട

വ്യോമയാനമന്ത്രിയുടെയും മുമ്പാകെ അതാത് അവസരങ്ങളിൽ സംസ്ഥാന സർക്കാർ കത്തുകൾ വഴിയും നേരിട്ടും സംസ്ഥാനത്തിന്റെ താൽപ്പര്യം ഉന്നയിച്ചിട്ടുണ്ട്. ബിഡ്ഡിൽ കൂടുതൽ തുക സ്വകാര്യ കമ്പനി ക്വാട്ട് ചെയ്ത സാഹചര്യം കണക്കിലെടുത്തുകൊണ്ട്, അതേ തുക ഓഫർ ചെയ്യാൻ സംസ്ഥാന സർക്കാർ തയ്യാറാണെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ഇതെല്ലാം പാടെ അവഗണിച്ചുകൊണ്ടാണ് കേന്ദ്ര മന്ത്രിസഭ ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത്.

2003-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയം സംസ്ഥാന സർക്കാരിന് നൽകിയ ഉറപ്പിൽ, സംസ്ഥാന സർക്കാർ വിമാനത്താവള വികസനത്തിനായി നൽകിയ സംഭാവനകൾ പരിഗണിച്ചുകൊണ്ട് വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് നൽകാമെന്ന് പറഞ്ഞിരുന്നു. സംസ്ഥാന സർക്കാരിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അനുഭവപരിജ്ഞാനമുണ്ട്. എന്നാൽ, ഇത്തരത്തിലുള്ള അനുഭവ പരിജ്ഞാനമൊന്നുമില്ലാത്ത ഒരു സ്വകാര്യ

സംരംഭകനെയാണ് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന് മുൻ തിരുവിതാംകൂർ സംസ്ഥാനം നൽകിയ റോയൽ ഫ്ലൈയിംഗ് ക്ലബ്ബിന്റെ 258.06 ഏക്കർ ഭൂമിയും വിമാനത്താവളത്തിന്റെ 636.57 ഏക്കർ വിസ്തൃതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിനുശേഷം സംസ്ഥാന സർക്കാർ തിരുവനന്തപുരം വിമാനത്താവള വികസനത്തിനായി 32.56 ഏക്കർ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാന സർക്കാർ 250 കോടി രൂപ മതിപ്പുവിലയുള്ള 18 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സൗജന്യമായി നൽകിയ ഭൂമിയുടെ വില സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ (എസ്.പി.വി) സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിലയിലാണ് ഇത് ഏറ്റെടുത്ത് നല്കിയിരുന്നത്.

ബിഡ്ഡിനുശേഷം കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനിടയിൽ എയർപോർട്ട് സ്വകാര്യവൽക്കരണത്തിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് ഹർജിയും പൊതുതാല്പര്യ ഹർജിയും ഫയൽ ചെയ്യപ്പെട്ടു.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഈ വിഷയം പരിശോധിച്ച് പുറപ്പെടുവിച്ച വിധിയിൽ, കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ട വിഷയമായതിനാൽ ഈ ഹർജിയുടെ ഒറിജിനൽ ജൂറിസ്ഡിക്ഷൻ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിക്കാണെന്ന് വിധി പ്രസ്താവിച്ചു.

ഈ വിധിപ്രസ്താവനയിൽ കേന്ദ്രസർക്കാർ എയർപോർട്ട് അതോറിറ്റി നൽകിയ ശിപാർശകളിന്മേൽ തീരുമാനമെടുത്ത് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ടായിരുന്നു.

ഇതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള കക്ഷികൾ അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് സുപ്രീം കോടതി മേൽപ്പറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ഹൈക്കോടതി റിട്ട് ഹർജി കേൾക്കണമെന്ന് വിധി പ്രസ്താവിക്കുകയും ചെയ്തു.

സുപ്രീംകോടതി വിധിക്ക് അനുസൃതമായി കേരള ഹൈക്കോടതിയിൽ കേസിൽ ഹിയറിംഗ് നടന്നുവരികയാണ്. ഇതിനിടയിലാണ് കേന്ദ്രമന്ത്രിസഭയുടെ 19-08-2020-ലെ തീരുമാനം വന്നിരിക്കുന്നത്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ

സ്വകാര്യവൽക്കരണ തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ പൊതുവികാരത്തിനനുസൃതമല്ല എന്ന് 19-08-2020-ന് തന്നെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കത്തിലൂടെ അറിയിച്ചിരുന്നു. പൊതുമേഖലയിൽ നിലനിന്നപ്പോൾ വിമാനത്താവളത്തിന് നൽകിയ സഹായസഹകരണങ്ങൾ സംസ്ഥാന സർക്കാരിന്റെ ശക്തമായ അഭിപ്രായത്തെ മറികടന്നുകൊണ്ട് സ്വകാര്യവൽക്കരിക്കപ്പെടുന്ന വിമാനത്താവളത്തിന് നൽകാൻ കഴിയില്ലെന്നും അറിയിച്ചിട്ടുണ്ട്.

ഇതിനെത്തുടർന്ന് 2020 ആഗസ്റ്റ് 20-ന് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളുടെയും യോഗം മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് വഴി വിളിച്ചുചേർക്കുകയും യോഗത്തിൽ ഉയർന്ന പൊതുവികാരം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ വീണ്ടും കത്തിലൂടെ അറിയിച്ചിട്ടുമുണ്ട്.

അദാനി എന്റർപ്രൈസസ് നൽകാൻ തയ്യാറായ തുക സംസ്ഥാന സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള തീരുമാനം എടുത്തതിന് യാതൊരു നീതീകരണവുമില്ല. ആയതിനാൽ സംസ്ഥാനത്തിന്റെ പൊതു താൽപ്പര്യവും സംസ്ഥാന സർക്കാരിന്റെ യുക്തിസഹമായ അഭിപ്രായങ്ങളും

ബഹുഭൂരിപക്ഷം രാഷ്ട്രീയകക്ഷി നേതാക്കളുടെ അഭിപ്രായവും പരിഗണിച്ചുകൊണ്ട് 2020 ആഗസ്റ്റ് 19-ലെ കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്നും തിരുവനന്തപുരം വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന് പങ്കാളിത്തമുള്ള എസ്.പി.വി.ക്ക് നൽകണമെന്നും കേരള നിയമസഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാന താല്പര്യത്തിനുവേണ്ടി പ്രതിപക്ഷം ഉറച്ച നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 19-08-2020-നാണ് കേന്ദ്ര ക്യാബിനറ്റ്, അന്താരാഷ്ട്ര വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറാനുള്ള തീരുമാനമെടുക്കുന്നത്. ലോകത്തിനുതന്നെ മാതൃകയായ നിലയിൽ കൊച്ചി/ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളങ്ങൾ പൊതു-സ്വകാര്യ സംരംഭത്തിലൂടെ വിജയകരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന അനുഭവമാണ് കേരളത്തിനുള്ളത്. അതുകൊണ്ടാണ് തിരുവനന്തപുരം അന്താരാഷ്ട്ര

വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന് മുഖ്യപങ്കാളിത്തമുള്ള എസ്.പി.വി.യിൽ നിക്ഷിപ്തമാക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെടുന്നത്. സംസ്ഥാനതാല്പര്യം മുൻനിർത്തി സർക്കാർ പ്രവർത്തിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് നിൽക്കുകയാണ് ചെയ്തത്. വിമാനത്താവള നടത്തിപ്പുമായി ബന്ധപ്പെട്ട് തുക ക്വാട്ട് ചെയ്യുന്നതിൽ കൺസൾട്ടൻസി യാതൊരു ഇടപെടലും നടത്തിയിട്ടില്ല. സർക്കാരിന്റെ വിദഗ്ദ്ധ സമിതി തയ്യാറാക്കിയ തുകയാണ് ക്വാട്ട് ചെയ്തത്. പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. ജോർജ്: തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## XI അവിശ്വാസ പ്രമേയ ചർച്ച

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാന ഭരണത്തലവനായ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് നിരവധി അഴിമതി ആരോപണങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. കള്ളക്കടത്തുകേസിലെ മുഖ്യപ്രതിക്ക് സ്പേസ് പാർക്കിന്റെ പ്രോജക്ടിൽ പിൻവാതിൽ നിയമനം നൽകിയത് വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി അറിഞ്ഞില്ലെന്നുപറയുന്നത് അവിശ്വസനീയമാണ്. മുഖ്യമന്ത്രിയുടെ ഓഫീസ് സ്വർണ്ണക്കള്ളക്കടത്ത് സംഘത്തിന്റെ ആസ്ഥാനമായി മാറിയിരിക്കുകയാണ്. എല്ലാ തെറ്റുകളും മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമലിൽ കെട്ടിവയ്ക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട കൈക്കൂലി ആരോപണത്തെക്കുറിച്ച് അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം. വിദേശ സഹായ നിയന്ത്രണ നിയമങ്ങളെയും ചട്ടങ്ങളെയും കാറ്റിൽപ്പറത്തിക്കൊണ്ട് വിശുദ്ധ ഗ്രന്ഥത്തെ മറയാക്കി ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനങ്ങൾ അപലപനീയമാണ്. ജനാധിപത്യവും മാധ്യമസ്വാതന്ത്ര്യവും തകർക്കാനുള്ള ശ്രമങ്ങളിൽനിന്ന് സർക്കാർ പിന്മാറണം. വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിലനിൽക്കുന്ന കൺസൾട്ടൻസിരാജിനെ സംബന്ധിച്ച്

ധവളപത്രമിറക്കണം. ദുർച്ചെലവുകൾ നിയന്ത്രിക്കാതെ വൻതോതിൽ കടമെടുത്ത് നാടിന്റെ സമ്പദ് വ്യവസ്ഥ തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. റീബിൽഡ് കേരള ഇനീഷ്യേറ്റീവിന്റെ പ്രവർത്തനങ്ങൾ നിശ്ചലാവസ്ഥയിലാണ്. പ്രളയഫണ്ട് തട്ടിപ്പ് നടത്തിയവരെ സംരക്ഷിക്കുന്ന നിലപാടാണ് മുഖ്യമന്ത്രിയും പാർട്ടിയും സ്വീകരിക്കുന്നത്. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ പ്രതിപക്ഷത്തെ ഒഴിവാക്കുന്ന നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ തെറ്റായ നിലപാടുകൾക്കെതിരെ പ്രതികരിക്കാൻ മന്ത്രിമാർ തയ്യാറാകണം. സർക്കാരിനെതിരായ ജനവികാരം സഭയിൽ പ്രതിഫലിപ്പിക്കുന്നതിനാണ് അവിശ്വാസ പ്രമേയം കൊണ്ടുവന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. പി.എസ്.സി.-യെ നോക്കുകുത്തിയാക്കി ഉദ്യോഗാർത്ഥികളെ വഞ്ചിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. മാധ്യമപ്രവർത്തകരെ അടിച്ചമർത്തുന്ന സമീപനം അംഗീകരിക്കാൻ കഴിയില്ല. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കിയെന്നത് പൊള്ളയായ അവകാശവാദമാണ്. മുഖ്യമന്ത്രിയുടെ ഓഫീസിനെ സംബന്ധിച്ചുയർന്ന ആരോപണങ്ങൾ അന്വേഷിക്കുന്നതിനും എൻ.ഐ.എ.യ്ക്ക് സി.സി.ടി.വി. ദൃശ്യങ്ങൾ

കൈമാറുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എസ്. ശർമ്മ: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. മതിയായ കാരണങ്ങളില്ലാതെ ഗവൺമെന്റിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നത് നീതിയുക്തമല്ല. സ്വർണ്ണക്കള്ളക്കടത്ത് കേസ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടുവെന്ന് പ്രതിപക്ഷം നടത്തുന്ന വ്യാജപ്രചരണം അന്വേഷണ ഏജൻസികൾ ശരിവച്ചിട്ടില്ല. പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നാല് വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനും രണ്ട് ലക്ഷത്തിലധികം കുടുംബങ്ങൾക്ക് സുരക്ഷിത ഭവനം ഉറപ്പാക്കാനും സർക്കാരിന് സാധിച്ചു. ജനക്ഷേമകരവും വികസനോന്മുഖവും അഴിമതിരഹിതവുമായ ഭരണമാണ് സർക്കാർ കാഴ്ചവയ്ക്കുന്നത്.

ശ്രീ. കെ. എം. ഷാജി: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. ആത്മവിശ്വാസവും പ്രതീക്ഷകളും തകർക്കപ്പെട്ട ഒരു ജനതയുടെ പ്രതിഷേധമാണ് ഈ പ്രമേയം. സമാശ്വാസം, സ്നേഹദീപം, ആശ്വാസകിരണം എന്നീ പദ്ധതികൾ ഗവൺമെന്റ് അട്ടിമറിച്ചു. സമസ്ത മേഖലകളിലും അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുന്ന സർക്കാരാണിത്.

ശ്രീ. മുല്ലക്കര രത്നാകരൻ: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു.

സ്വർണ്ണക്കള്ളക്കടത്ത് കേസിന്മേൽ കേന്ദ്ര ഏജൻസിയുടെ അന്വേഷണ റിപ്പോർട്ട് വരുന്നതിനുമുമ്പ് വിവാദങ്ങളിലൂടെ പുകമറ സൃഷ്ടിക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി സമസ്ത മേഖലകളിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളെക്കുറിച്ചോ കേരളം നേരിട്ട പ്രതിസന്ധികളെക്കുറിച്ചോ ചർച്ച ചെയ്യാതെ ഗവൺമെന്റിനെ വിമർശിക്കുന്ന നടപടി ശരിയല്ല. ലൈഫ് മിഷനിലൂടെ വീടുകൾ നിർമ്മിച്ചുനൽകിയതും കൊവിഡ് പ്രതിസന്ധി പരിഹരിക്കുന്നതിന് സൗജന്യ ഭക്ഷ്യധാന്യം നൽകിയതും വൻതോതിൽ കൃഷി വ്യാപിപ്പിച്ചതും സർക്കാരിന്റെ മാതൃകാപരമായ നേട്ടങ്ങളാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. ഇടുക്കിയിലെ ഭൂപ്രശ്നം പരിഹരിക്കാനും ലൈഫ് മിഷനുമായി ബന്ധപ്പെട്ട് തിരിമറിനടത്തിയവരെ കണ്ടെത്തി ശിക്ഷിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16508 തസ്തികകൾ സൃഷ്ടിക്കുകയും 11000 എൽ.പി./യു.പി. അദ്ധ്യാപകരെ നിയമിക്കുകയും 12108 പേർക്ക് പോലീസിൽ നിയമനം നൽകുകയും നിരവധി വികസന പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കെ.എ.എസ്., കേരള ബാങ്ക്, ഐ.ടി.ഐ., ലൈഫ് മിഷൻ, സ്റ്റാർട്ട് അപ്പ് മിഷൻ എന്നീ മേഖലകളിലെ പ്രവർത്തനം ശ്ലാഘനീയമാണ്. ദുരന്തമുഖത്തുപോലും പ്രതിപക്ഷധർമ്മം നിർവ്വഹിക്കാത്ത സമീപനം അപലപനീയമാണ്.

ശ്രീ. മാത്യു ടി. തോമസ്: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. അഴിമതി നിർമ്മാർജ്ജനം, ദുരന്തനിവാരണം എന്നീ മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ക്ഷേമ-വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്ത ഗവൺമെന്റാണിത്. ആർദ്രം, ഹരിത കേരളം, സുഭിക്ഷ കേരളം, ഹൈടെക് ക്ലാസ് മുറികൾ, ലൈഫ് മിഷൻ എന്നീ പദ്ധതികൾ ഈ ഗവൺമെന്റിന്റെ എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. അഴിമതിരഹിത ഭരണവുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്.

ശ്രീ. പി. ടി. തോമസ്: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. സമസ്ത മേഖലകളെയും തകർക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കുന്നതിന് സർക്കാർ കൂട്ടുനിൽക്കുകയാണ്. കൊവിഡ് പ്രതിരോധത്തിൽ ഗുരുതര വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. നെല്ല് സംഭരണത്തിന്റെ മറവിൽ

കോടികളുടെ അഴിമതിയാണ് നടത്തിയിരിക്കുന്നത്. സ്വർണ്ണക്കള്ളക്കടത്തുകാർക്കും രാജ്യദ്രോഹ പ്രവർത്തകർക്കും തട്ടിപ്പുകാർക്കും ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയാത്ത മുഖ്യമന്ത്രി രാജിവയ്ക്കണം.

ശ്രീ. മാണി സി. കാപ്പൻ: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. ജനക്ഷേമകരമായ വികസന പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കൊവിഡ് കാലത്ത് ഭക്ഷ്യധാന്യങ്ങളും അവശ്യസാധനങ്ങളും സൗജന്യമായി വിതരണം ചെയ്ത് ഭക്ഷ്യ-പൊതുവിതരണ രംഗത്ത് രാജ്യത്തിനുതന്നെ മാതൃകയായി. ഗെയിൽ പൈപ്പ് ലൈൻ, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം തുടങ്ങിയവ സർക്കാരിന്റെ അഭിമാനകരമായ നേട്ടങ്ങളാണ്. ലൈഫ് മിഷനിലൂടെ പാവപ്പെട്ടവർക്ക് രണ്ടുലക്ഷത്തി ഇരുപത്തയ്യായിരം വീടുകൾ നൽകുകയും കാർഷിക രംഗത്ത് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയും ചെയ്തു. വകുപ്പുകളുടെ ഏകോപനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുസർവ്വീസ് യാഥാർത്ഥ്യമാക്കി. പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് 900 കോടി രൂപ അനുവദിച്ചു. സ്ത്രീകൾക്കും

കുട്ടികൾക്കുമായി അമ്മ മനസ്, അമൃതം-ആരോഗ്യം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി. പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിക്കൊണ്ട് ആരോഗ്യമേഖലയെ ശക്തിപ്പെടുത്താൻ സാധിച്ചു.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. ഗെയിൽ പൈപ്പ് ലൈൻ, ദേശീയ പാതാ വികസനം, തീരദേശ-മലയോര ഹൈവേ തുടങ്ങി സർക്കാർ നടപ്പാക്കിയ വിവിധ വികസന പ്രവർത്തനങ്ങളെ പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കരുത്. ആയിരക്കണക്കിന് കുടുംബങ്ങൾക്ക് പട്ടയം നൽകുകയും തരിശ് രഹിത കേരളം പദ്ധതിയിലൂടെ നെൽകൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. കൊവിഡ് പ്രതിരോധത്തിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് കൊവിഡിനെ അഴിമതിക്കുള്ള മറയാക്കി മാറ്റുകയാണ്. സിവിൽ സപ്ലൈസ് വകുപ്പിൽ ടെണ്ടർ ഇല്ലാതെ സാധനങ്ങൾ വാങ്ങിയത് നിയമവിരുദ്ധമാണ്. പിൻവാതിൽ നിയമനങ്ങൾ നടത്തി പി.എസ്.സി.-യെ സർക്കാർ നോക്കുകുത്തിയാക്കി മാറ്റുകയാണ്. അഴിമതിക്കാരെ നിയമത്തിന്റെ മുന്നിലെത്തിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. സർക്കാരിനെതിരെ വസ്തുതാപരമായ ആരോപണം ഉന്നയിക്കുന്നതിനോ തെളിയിക്കുന്നതിനോ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങളാണ് പ്രതിപക്ഷ എം.എൽ.എ.മാരുടെ നിയോജകമണ്ഡലങ്ങളിൽ നടന്നുവരുന്നത്. കാർഷിക-ആരോഗ്യരംഗങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നിരവധി നിയമനങ്ങൾ നടത്തിയതും കെ-ഫോൺ, ഗെയിൽ പൈപ്പ്ലൈൻ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതും അഭിമാനാർഹമാണ്. ക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽനൽകി മാതൃകാപരമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനും സർക്കാർ മുൻകയ്യെടുക്കണം. വിമാനത്താവള വികസനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റ് നടത്തുന്ന നീക്കങ്ങളെ എതിർക്കുന്ന നടപടി ശരിയല്ല.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു.

പ്രാദേശിക റോഡുകൾ ബി.എം.&ബി.സി. ആക്കിയതും പൊതുവിദ്യാലയങ്ങൾ ഹൈടെക് ആക്കി മാറ്റിയതും ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകിയതും എടുത്തു പറയത്തക്ക നേട്ടങ്ങളാണ്. സ്വർണ്ണക്കള്ളക്കടത്തുകേസ് കേന്ദ്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നാവശ്യപ്പെട്ടത് സർക്കാരിന്റെ സുതാര്യത വ്യക്തമാക്കുന്നതാണ്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

ശ്രീ. പി. സി. ജോർജ്: സർക്കാരിന്റെ തിന്മകൾ തുറന്നുകാട്ടുകയും സർക്കാരിനെ നേർവഴിക്ക് നടത്തുകയും ചെയ്യേണ്ടത് പ്രതിപക്ഷത്തിന്റെ ദൗത്യമെന്നതിനാൽ അവിശ്വാസ പ്രമേയത്തെ എതിർക്കുന്ന ഭരണകക്ഷി നിലപാട് തെറ്റാണ്. മത്തായിയുടെ മരണത്തിന് കാരണക്കാരായ വനം വകുപ്പുദ്യോഗസ്ഥർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഭാര്യക്ക് സർക്കാർ ജോലിയും ആശ്രിതർക്ക് നഷ്ടപരിഹാരവും നൽകാൻ സർക്കാർ തയ്യാറാകണം. അഴിമതിയും സ്വർണ്ണക്കള്ളക്കടത്തും നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കണം. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ കക്ഷി-

രാഷ്ട്രീയ ഭേദമെന്യേ പ്രതിഷേധിക്കണം. വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് അദാനിയുമായുള്ള കരാർ റദ്ദാക്കാനും ആയതിന്മേൽ നഷ്ടപരിഹാരം ഈടാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. അഴിമതിയും കൊള്ളയും മുഖമുദ്രയാക്കിയ സർക്കാരാണിത്. സ്വർണ്ണക്കള്ളക്കടത്തും അഴിമതിയും നടത്തി സ്വന്തം നാടിനെയും സമുദായത്തെയും അപമാനിച്ച ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിലപാട് അപലപനീയമാണ്. സെക്രട്ടേറിയറ്റിനേയും നിയമനിർമ്മാണസഭയേയും നോക്കുകുത്തിയാക്കിക്കൊണ്ട് ബദൽ സെക്രട്ടേറിയറ്റുകൾ രൂപീകരിച്ച് സർക്കാരിനെപ്പോലും നിയന്ത്രണവിധേയമാക്കുന്ന ഉദ്യോഗസ്ഥരുടെ സമീപനം അവസാനിപ്പിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. കൊവിഡ്-19 രോഗവ്യാപന സമയത്തും ഓണക്കാലത്തും എല്ലാവർക്കും സൗജന്യ ഭക്ഷ്യധാന്യകിറ്റ് വിതരണം ചെയ്തതും ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയതും ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കി വാതിൽപ്പടി വിതരണവും ഇ-പോസ് സംവിധാനവും ഏർപ്പെടുത്തിയതും സിവിൽ സപ്ലൈസ്

കോർപ്പറേഷനിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചതും അഭിനന്ദനാർഹമാണ്. പൊതുവിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചതും ക്ലാസ് മുറികൾ ഹൈടെക് ആക്കിയതും സ്കൂളുകൾക്ക് ധനസഹായം നൽകിയതും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. നാല് വർഷത്തിനുള്ളിൽ 1.42 ലക്ഷം കുടുംബങ്ങൾക്ക് പട്ടയം നൽകിയതും കാർഷികമേഖല സ്വയംപര്യാപ്തത കൈവരിച്ചതും പൊതുമരാമത്ത് മേഖലയിൽ റോഡുകളും പാലങ്ങളും നിർമ്മിച്ചതും കൊവിഡ് 19-ഉമായി ബന്ധപ്പെട്ട് നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളും പ്രശംസനീയമാണ്. പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. കേന്ദ്ര ഏജൻസി അന്വേഷിക്കുന്ന കേസിന്റെ ഉറവിടമായി മുഖ്യമന്ത്രിയുടെ ഓഫീസ് മാറിയിരിക്കുന്നു. ചെറുപ്പക്കാരുടെ തൊഴിൽ സ്വപ്നങ്ങൾ ഇല്ലാതാക്കി പിൻവാതിൽ നിയമനങ്ങൾ നടത്തുന്നത് അപമാനകരമാണ്. കൺസൾട്ടൻസികൾ അഴിമതി നടത്താനുള്ള കുറുക്കുവഴികളാക്കി സർക്കാർ മാറ്റിയിരിക്കുകയാണ്. ക്രിമിനലുകൾ ഇവിടെ രക്ഷപ്പെടുകയാണ്. വാളയാറിലെ രണ്ട് പെൺകുട്ടികളുടെ മരണത്തിനുത്തരവാദികളായവരെ ഇതുവരെ

ശിക്ഷിക്കാൻ കഴിയാത്തത് ഈ സർക്കാരിന്റെ പിടിപ്പുകേടാണ്.

<u>ശ്രീ. എം. സ്വരാജ്</u>: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. കേരളത്തിൽ ഇടതുവിരുദ്ധ ദുഷ്ട സഖ്യം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. നിപ, ഓഖി, പ്രളയം, കൊവിഡ്-19 എന്നിവ നാടിനെ വേട്ടയാടിയപ്പോൾ പ്രതിരോധത്തിന്റെ ശൃംഖല പടുത്തുയർത്തി കേരളത്തെ മുമ്പോട്ടു നയിച്ച കരുത്തനായ മുഖ്യമന്ത്രിയെ ദുരാരോപണങ്ങൾ കൊണ്ട് പ്രതിപക്ഷം വേട്ടയാടുകയാണ്. പി.എസ്.സി. വഴി നിരവധി നിയമനങ്ങൾ നടത്തിയതും പൊതുവിദ്യാലയങ്ങൾ ഹൈടെക് ആക്കിയതും ഭൂരഹിതർക്ക് വീട് നൽകിയതും തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കിയതും ഈ സർക്കാരിന്റെ എടുത്തു പറയാവുന്ന നേട്ടങ്ങളാണ്. കള്ളക്കടത്തുമായി ബന്ധപ്പെട്ട് മുൻ യു.ഡി.എഫ്. സർക്കാരുകളുടെ കാലത്ത് നടന്ന ദുരൂഹമായ ഇടപെടലുകൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. സ്വർണ്ണക്കള്ളക്കടത്തുകേസിൽ ഏതന്വേഷണത്തേയും സ്വാഗതം ചെയ്യുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ലൈഫ് പദ്ധതിയെ തകർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ജനക്ഷേമ പദ്ധതികൾ നടപ്പാക്കുന്ന സർക്കാരിന്റെ ജനപിന്തുണയിൽ വിറളിപൂണ്ടാണ് പ്രതിപക്ഷം അവിശ്വാസ പ്രമേയവുമായി രംഗത്തിറങ്ങിയത്.

ഡോ. എം. കെ. മുനീർ: അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. ലൈഫ് പദ്ധതി, കൊവിഡ്-19 എന്നിവയുടെ മറവിൽ വൻ അഴിമതിയാണ് സർക്കാർ നടത്തുന്നത്. സ്പ്രിംഗ്ലർ, കെ-ഫോൺ, ഇ-മൊബിലിറ്റി എന്നീ പദ്ധതികളുടെ കൺസൾട്ടൻസിയായി പി.ഡബ്ല്യു.സി.-യെ തെരഞ്ഞെടുത്തതും പ്രധാനപ്പെട്ട ഫയലുകളിൽ അന്തിമ തീരുമാനമെടുക്കാൻ ഐ.ടി. സെക്രട്ടറിയെ ചുമതലപ്പെടുത്തിയതും ശരിയായ നടപടിയല്ല.

ശ്രീ. ജെയിംസ് മാത്യു: അവിശ്വാസ പ്രമേയത്തെ എതിർക്കുന്നു. സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസന്വേഷണ ഏജൻസികൾ നൽകിയ റിപ്പോർട്ടുകളിലൊന്നുംതന്നെ സർക്കാരിനെതിരായ ഒരു പരാമർശവുമില്ല. അഴിമതിക്കാരെ സംരക്ഷിക്കുന്ന ഗവൺമെന്റല്ല ഇത്. അനാവശ്യമായി ഗവൺമെന്റിനെതിരെ വ്യക്തിഹത്യ നടത്തുന്ന പ്രതിപക്ഷ നിലപാട് അവസാനിപ്പിക്കണം. ഇടതുപക്ഷ മുന്നണിയെ തകർക്കാനുള്ള പ്രതിപക്ഷശ്രമം ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടേയും വളർച്ചയ്ക്കിടയാക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പറവൂർ മണ്ഡലത്തിൽ പുനർജ്ജനി പദ്ധതിക്കായി ബർമ്മിംഗ്ഹാമിൽ പോയി നടത്തിയ അഭ്യർത്ഥനയുടെ സി.ഡി. ആണ് ഞാൻ മേശപ്പുറത്ത് വയ്ക്കാൻ ഉദ്ദേശിക്കുന്നത്.

ഇത് FERA-യുടെയും FEMA-യുടെയും അനുമതി വാങ്ങിയാണോ ചെയ്തതെന്നും ഒറ്റ ടേമിൽ 81 തവണ വിദേശയാത്ര നടത്തിയത് എന്തിനാണെന്നും വ്യക്തമാക്കണം.

## XII വ്യക്തിപരമായ വിശദീകരണം

ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.യ്ക്കെതിരായ ആരോപണം

ശ്രീ. വി. ഡി. സതീശൻ: പുനർജ്ജനി പദ്ധതിക്കുവേണ്ടി വിദേശരാജ്യങ്ങളിൽനിന്ന് തുക പിരിക്കുകയോ വീട് നിർമ്മിക്കുകയോ ചെയ്തിട്ടില്ല. നിർമ്മാണത്തിലിരിക്കുന്ന 200 വീടുകളിൽ 35 എണ്ണത്തിന് സഹായം നൽകിയത് പ്രവാസി മലയാളി വ്യവസായികളാണ്. 81 പ്രാവശ്യം ഞാൻ വിദേശയാത്ര നടത്തിയെന്ന ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.യുടെ ആരോപണം അടിസ്ഥാനരഹിതമാണ്.

## അവിശ്വാസ പ്രമേയ ചർച്ച (തുടർച്ച)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): അവിശ്വാസ പ്രമേയത്തെ പിന്താങ്ങുന്നു. നാലരവർഷത്തെ ഇടതുമുന്നണി ഭരണത്തെ ശരിയായ അർത്ഥത്തിൽ വിലയിരുത്താനും പരിശോധിക്കാനും കഴിഞ്ഞുവെന്നത് അഭിമാനാർഹമാണ്. ജനങ്ങളുടെ വിശ്വാസം തകർത്ത, അഴിമതിക്കാരെ

സംരക്ഷിക്കുന്ന, കുട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു ഗവൺമെന്റാണിത്. സ്പ്രിംഗ്ളർ കരാർ, മാർക്കുദാനം, ഇ-മൊബിലിറ്റി പദ്ധതി, പമ്പയിലെ മണൽക്കടത്ത് തുടങ്ങിയവ സംബന്ധിച്ച് പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾ ശരിയാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഗ്ലോബൽ ടെണ്ടർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പാലിക്കാതെയും സർക്കാർ ഏജൻസികളെ ഒഴിവാക്കിയുമാണ് സ്വകാര്യ ഏജൻസികളെ കൺസൾട്ടന്റുമാരായി നിയമിച്ചിട്ടുള്ളത്. നാഷണൽ ഹൈവേയിൽ സ്റ്റേറ്റ് ഹൈവേയോട് ചേർന്നുള്ള 14 സ്ഥലങ്ങളിൽ വഴിയോര വിശ്രമകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പൊതുസ്വത്ത് സ്വകാര്യ കുത്തകകൾക്ക് നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് ഉത്തരവിറക്കിയ നടപടി ഗൗരവതരമാണ്. കേരളത്തിന്റെ മുഖ്യമന്ത്രി അഴിമതിക്ക് നേതൃത്വം കൊടുക്കുകയാണ്. സ്വർണ്ണക്കള്ളക്കടത്ത് സംസ്ഥാനത്തിന് ഏറ്റവും വലിയ അപമാനമാണ്. ലൈഫ് മിഷൻ പദ്ധതിക്ക് പണം കിട്ടിയത് സംബന്ധിച്ച ദുരൂഹതകൾ വർദ്ധിക്കുകയാണ്. കൊവിഡ് പ്രതിരോധത്തിൽ ഗവൺമെന്റ് വൻ പരാജയമാണ്. കരാർ നിയമനങ്ങൾ നടത്തുന്ന ഒരു സ്ഥാപനമായി കിഫ്ബി മാറിയിരിക്കുകയാണ്. അഴിമതികൾ പുറത്തുകൊണ്ടുവരുന്ന മാധ്യമങ്ങളെ കുറ്റപ്പെടുത്തുന്ന നിലപാടാണ് സർക്കാർ

സ്വീകരിക്കുന്നത്. സംസ്ഥാനത്തെ ജനങ്ങളെ വഞ്ചിച്ച, ജനങ്ങളുടെ വിശ്വാസം തകർത്ത സർക്കാരിന് അധികാരത്തിലിരിക്കാൻ അർഹതയില്ല.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർക്കാരിനെ അപകീർത്തിപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സ്വർണ്ണക്കള്ളക്കടത്തുകേസ്സുമായി ബന്ധപ്പെട്ട എൻ.ഐ.എ.-യുടെ അന്വേഷണം പൂർത്തിയാകാത്ത സന്ദർഭത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസിനുനേരെ ആരോപണം ഉന്നയിക്കുന്നത് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്താനാണ്. പ്രാഥമികാന്വേഷണത്തിൽത്തന്നെ കുറ്റക്കാരനാണെന്ന് കണ്ടെത്തിയ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ആയിരുന്ന ശ്രീ. എം. ശിവശങ്കറിനെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്തത് മാതൃകാപരണ്. പ്രകടനപത്രികയിലെ വാഗ്ദാനങ്ങളെല്ലാം നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലും കാർഷിക-പൊതുമരാമത്ത് മേഖലകളിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത് ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്നതാണ്. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ലോകപ്രശംസ പിടിച്ചുപറ്റാൻ കഴിഞ്ഞിട്ടുണ്ട്. നാലരവർഷക്കാലത്തിനിടയിൽ ലോഡ്ഷെഡ്ഡിംഗും പവർക്കട്ടും

ഏർപ്പെടുത്താതെ മുന്നോട്ടുപോകാനായത് വൈദ്യുതി വകുപ്പിന്റെ പ്രവർത്തനമികവുമൂലമാണ്. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതും അർഹരായ എല്ലാവർക്കും സാമൂഹ്യസുരക്ഷാ പെൻഷൻ നൽകാൻ കഴിഞ്ഞതും ലോക്ഡൗൺ കാലത്ത് എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ എത്തിച്ചുകൊടുത്തതും പി.എസ്.സി. വഴി ഒരു ലക്ഷത്തിലധികംപേർക്ക് അഡ്വൈസ് മെമ്മോ നൽകാൻ കഴിഞ്ഞതും ഭവനരഹിതർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നിർമ്മിച്ച് നൽകിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെതിരെ പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങളും ആരോപണങ്ങളും അടിസ്ഥാനരഹിതവും വാസ്തവവിരുദ്ധവുമാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് ആരോഗ്യ വകുപ്പിൽ പർച്ചേസ് നടത്തിയിരിക്കുന്നത്. കൊവിഡ്-19 റിപ്പോർട്ട് ചെയ്തപ്പോൾത്തന്നെ യുദ്ധകാലാടിസ്ഥാനത്തിൽ വ്യക്തിസുരക്ഷാ

ഉപകരണങ്ങളും ലബോറട്ടറി ഉപകരണങ്ങളുമെല്ലാം ശേഖരിക്കാൻ സാധിച്ചു. അടിയന്തര സാഹചര്യത്തിൽ പ്രത്യേക ഉത്തരവിലൂടെ സ്റ്റോർ പർച്ചേസ് നിയമാവലിയിൽ ഇളവുകൾ വരുത്തിക്കൊണ്ട് ആവശ്യമായ മുഴുവൻ ഉപകരണങ്ങളുടെയും സംഭരണ പ്രക്രിയ പൂർത്തിയാക്കാനാണ് ശ്രമിച്ചത്. പി.പി.ഇ. കിറ്റുകളും മാസ്കുകളും മറ്റും കേന്ദ്ര ഏജൻസികളായ DRDO, SITRA (South India Textile Research Association) തുടങ്ങിയ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റോടുകൂടി ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടാണ് പർച്ചേസ് ചെയ്തിരിക്കുന്നത്. പി.പി.ഇ. കിറ്റുകൾക്ക് 157 കോടി രൂപയും ടെസ്റ്റിംഗ് കിറ്റുകൾക്കായി 220 കോടിയിലേറെ രൂപയും ചെലവായിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള കണക്കുകൾ ഓഡിറ്റിന് വിധേയമാക്കാൻതക്കവിധം സൂക്ഷിച്ചിട്ടുണ്ട്. സെപ്റ്റംബർ മാസത്തിൽ കൊവിഡ് കേസുകളുടെ എണ്ണം വർദ്ധിക്കാനുള്ള സാധ്യത മുന്നിൽക്കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടത്തുന്നത്. എൻ.എച്ച്.എം. മുഖേന കോൺട്രാക്ട് ബേസിലെടുക്കുന്ന ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നാഷണൽ ഹൈവേയിൽനിന്ന് മാറി ഉപയോഗശൂന്യമായ സ്ഥലങ്ങൾ

കണ്ടെത്തി വേ സൈഡ് അമിനിറ്റീസ് നിർമ്മിക്കുന്നതിനാണ് ശ്രമിക്കുന്നത്. അത്തരത്തിലുള്ള പത്ത് സ്ഥലങ്ങളിൽ ഏഴെണ്ണം എം.സി. റോഡിൽ കെ.എസ്.ടി.പി.യുടെയും മൂന്നെണ്ണം പി.ഡബ്ല്യു.ഡി.യുടെയും നിയന്ത്രണത്തിലാണ്. ഇതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ടെണ്ടർ ചെയ്ത് വർക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കുന്നത് സ്വാഭാവിക നടപടിയാണ്. എൻ.എച്ച്.എ.ഐ. ഇറക്കിയിട്ടുള്ള ബൈലാ അനുസരിച്ച് ടെണ്ടർ ചെയ്യുന്നതിൽ അഴിമതിയില്ല. നടപടിക്രമങ്ങൾ പാലിച്ച് ചെയ്ത കാര്യത്തിൽ അഴിമതിയാരോപണം ഉന്നയിക്കുന്നത് ശരിയല്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): പ്രതികൂല സാഹചര്യങ്ങളിലും വികസന ക്ഷേമ പദ്ധതികളുമായി മുന്നോട്ടുപോകാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിടുന്ന സമകാലിക പ്രശ്നങ്ങളെക്കുറിച്ച് എൽ.ഡി.എഫ്.നുള്ള വ്യക്തമായ കാഴ്ചപ്പാടിന്റെ അംഗീകാരം കൂടിയായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിലെ ജനവിധി. വളരെ താഴ്ന്ന പ്രതിശീർഷ വരുമാനമുള്ളപ്പോഴും വിദ്യാഭ്യാസ/ആരോഗ്യമേഖലയിലും ജീവിത ഗുണനിലവാരത്തിലും ഉയർന്ന മാനവശേഷി വികസന സൂചിക സംസ്ഥാനം

കൈവരിച്ചിട്ടുണ്ട്. ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരളം എന്നീ പദ്ധതികൾ മിഷൻ മോഡലിൽ ആവിഷ്കരിക്കുകയും വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണത്തിനും ഭൗതിക സൗകര്യ വികസനത്തിനുമായി 2336 കോടി രൂപ കിഫ്ബി വഴി അനുവദിക്കുകയും ചെയ്തു. ആർദ്രം പദ്ധതി പ്രകാരം ഒട്ടനവധി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും താലൂക്കാശുപത്രികളുടെയും ജില്ലാ ആശുപത്രികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്തു. മെഡിക്കൽ കോളേജുകളിൽ ആധുനിക ചികിത്സാ സംവിധാനങ്ങൾ ഉറപ്പുവരുത്താനും അതുവഴി കൊവിഡ് 19-നെ ആദ്യഘട്ടത്തിൽ ഒരു പരിധിവരെ നിയന്ത്രിക്കാനും സാധിച്ചു. ലൈഫ് മിഷൻ പദ്ധതി പ്രകാരം രണ്ടേകാൽ ലക്ഷത്തോളം കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകി. മിഷന്റെ മൂന്നാംഘട്ടത്തിൽ 1,18,987 ഭൂരഹിത-ഭവനരഹിതർക്കായി 101 ഭവന സമുച്ചയങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. വൻ ജനപിന്തുണയോടെ മുന്നേറുന്ന ടി പദ്ധതിയിലൂടെ ഭവനരഹിതരായ മുഴുവൻ ആളുകൾക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയും. ലൈഫ് മിഷന്റെ ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 27 വരെ

ദീർഘിപ്പിച്ചിട്ടുണ്ട്. ഹരിത കേരളം മിഷനിലൂടെ ഒഴുക്കുനിലച്ച ജലാശയങ്ങൾ വീണ്ടെടുക്കുകയും കിണറുകൾ റീചാർജ്ജ് ചെയ്യുകയും കുളങ്ങളുടെ നിർമ്മാണം/നവീകരണം സാധ്യമാക്കുകയും പുഴകൾ പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. കാർഷികമേഖലയിൽ 988 വാർഡുകളെ ഹരിത വാർഡുകളായി പ്രഖ്യാപിക്കാനും നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കുപുറമെ 3,41,038 വീടുകളിൽ പുതുതായി കൃഷി ആരംഭിക്കാനും സാധിച്ചു. കിഫ്ബി പുന:സംഘടിപ്പിച്ചതിലൂടെ അടിസ്ഥാനസൗകര്യ വികസനം സാധ്യമാകുന്ന വിധത്തിൽ വൻകിട പദ്ധതികൾ നടപ്പിലാക്കാനും നാളിതുവരെ 730 വികസന പദ്ധതികൾക്ക് അംഗീകാരം നൽകാനും വിവിധ പദ്ധതികൾക്കായി 5865 കോടി 79 ലക്ഷം രൂപ ചെലവഴിക്കാനും സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ മലയോര-തീരദേശ ഹൈവേ പദ്ധതികളുൾപ്പെടെ 14,500 കോടി രൂപയുടെ വിവിധ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. കുണ്ടന്നൂർ-വൈറ്റില, എടപ്പാൾ മേൽപ്പാല പദ്ധതികൾ ഈ വർഷവും എറണാകുളം ജനറൽ ആശുപത്രിയുടെയും കൊച്ചി കാൻസർ സെന്ററിന്റെയും ഒന്നാംഘട്ടവും പുനലൂർ താലൂക്ക് ആശുപത്രിയും 2020-21 സാമ്പത്തിക വർഷവും പൂർത്തീകരിക്കും. പൊതുവിദ്യാഭ്യാസ രംഗത്ത് 785 കോടി രൂപ ചെലവിൽ

നടപ്പിലാക്കുന്ന സ്മാർട്ട് ക്ലാസ് റൂം പദ്ധതിയും 705 കോടി രൂപ ചെലവഴിച്ച് 141 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പദ്ധതിയും 2020-21 വർഷം പൂർത്തീകരിക്കുന്നതാണ്. ദീർഘവീക്ഷണത്തോടുകൂടി ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കുന്ന പദ്ധതിപ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ട് പോകുന്നത്. യു.ഡി.എഫ്. സർക്കാർ വരുത്തിവച്ച സാമ്പത്തിക ബാധ്യതകൾ ഏറ്റെടുത്തുകൊണ്ട് അധികാരത്തിലെത്തിയ ഈ സർക്കാരിന് നോട്ട് നിരോധനം, ജി.എസ്.ടി. നടപ്പാക്കിയശേഷമുണ്ടായ നികുതി നിരക്കിലെ കുറവ്, ഓഖി ദുരന്തം, പ്രളയം, കാലവർഷക്കെടുതി തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾ നേരിടേണ്ടി വന്നെങ്കിലും ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഭാഗമായി തനതു നികുതി വരുമാനം നിലനിർത്താനും സാമ്പത്തിക വളർച്ചാനിരക്ക് ഉയർത്താനും ഉൽപ്പാദന മേഖലയിൽ വൻ നേട്ടമുണ്ടാക്കാനും സാധിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി കമ്പ്യൂട്ടർവൽക്കരണം ഏർപ്പെടുത്തുകയും 72 ശതമാനത്തോളം പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. പൊതുമേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, കാസർഗോഡ് BHEL EML, കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്

എന്നീ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. കേന്ദ്രാനുമതി ലഭ്യമാകുന്നതിലെ കാലതാമസം പല സ്ഥാപനങ്ങളും ഏറ്റെടുക്കുന്നതിന് തടസ്സമാകുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു ലക്ഷത്തിൽപ്പരം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. മുഖേന നിയമനം നൽകാനും സാമൂഹ്യസുരക്ഷാ പെൻഷൻ 1300 രൂപയായി ഉയർത്തി വിതരണം ചെയ്യാനും കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പദ്ധതി വിഹിതം ജനസംഖ്യാനുപാതത്തെക്കാൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ പട്ടികജാതി വികസന വകുപ്പ് 17177 ഭൂരഹിത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങാനുള്ള സഹായവും ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി 16122 പഠനമുറികൾ നിർമ്മിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്. എമർജൻസി ആംബുലൻസ് സർവ്വീസ്, ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ, എൻ.ആർ.ഐ. ഇൻവെസ്റ്റുമെന്റ് കമ്പനി, പ്രവാസി ലീഗൽ അസിസ്റ്റൻസ് എന്നിങ്ങനെ വ്യത്യസ്ത പദ്ധതികൾ പ്രവാസി ക്ഷേമത്തിനായി സംഘടിപ്പിക്കാൻ സാധിച്ചു. വിദേശത്തുവച്ച് മരണമടയുന്ന പ്രവാസികളുടെ ഭൗതികശരീരം നാട്ടിലെത്തിക്കാനുള്ള പദ്ധതിക്ക്

തുടക്കം കുറിച്ചു. ഓഖിമൂലം പ്രതിസന്ധിയിലായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുകയും മുട്ടത്തറയിൽ മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് സമുച്ചയം പണികഴിപ്പിക്കുകയും ചെയ്തു. പ്രളയത്തിനുശേഷവും നെല്ലുൽപ്പാദനത്തിൽ റെക്കോർഡ് നേട്ടം കൈവരിക്കാനും പുതിയ കാർഷിക സംസ്കാരം കെട്ടിപ്പടുക്കാനും പാൽ, മുട്ട, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ സ്വയംപര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ള നടപടികൾക്ക് നേതൃത്വം നൽകാനും സാധിച്ചു. 'സുഭിക്ഷ കേരളം' പദ്ധതിയിലൂടെ കാർഷിക രംഗത്ത് ഒട്ടേറെ മാറ്റങ്ങൾ കൈവരിക്കാൻ സാധിക്കുന്നതാണ്. ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം, കണ്ണൂർ വിമാനത്താവളം, കൊച്ചി മെട്രോ വികസനം, കൊച്ചി വാട്ടർ മെട്രോ, മലബാർ ടൂറിസം, പിൽഗ്രിം ടൂറിസം, ഹെറിറ്റേജ് മ്യൂസിയം, സാംസ്കാരിക നിലയങ്ങൾ, സ്പോർട്സ് സ്റ്റേഡിയങ്ങൾ എന്നിവ യാഥാർത്ഥ്യമാക്കും. ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, ലൈഫ് സയൻസ് പാർക്ക്, ഏവിയേഷൻ പാർക്ക്, സ്പെയിസ് പാർക്ക്, പെട്രോ കെമിക്കൽസ് പാർക്ക് എന്നിവ യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിച്ചു. നീലേശ്വരം-പള്ളിക്കര റെയിൽവേ മേൽപ്പാലം, കഴക്കൂട്ടം

ഫ്ലൈ ഓവർ എന്നിവയുടെ പ്രവൃത്തി പുരോഗമിക്കുന്നു. കൊല്ലം ബൈപ്പാസ് പൂർത്തീകരിക്കുകയും ആലപ്പുഴ ബൈപ്പാസിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലുമാണ്. ബോഡിമെട്ട് - മൂന്നാർ ദേശീയപാതയുടെ പ്രവൃത്തി ഈ വർഷം പൂർത്തീകരിക്കും. മുടങ്ങിക്കിടന്ന പദ്ധതികൾക്ക് ജീവൻ നൽകിയ ഗവൺമെന്റാണിത്. ദേശീയ ജലപാത പദ്ധതി 2020-ൽ പൂർത്തീകരിക്കുന്നതാണ്. പൊതുമേഖലയെ സംരക്ഷിച്ചുകൊണ്ട് സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കുകയാണ് ഗവൺമെന്റിന്റെ നയം. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം പ്രാവർത്തികമാക്കാൻ സാധിച്ചു. അനാവശ്യ വിവാദങ്ങളുയർത്തി നാടിന്റെ നിക്ഷേപ സൗഹൃദാന്തരീക്ഷം തകർക്കുന്ന നടപടി ശരിയല്ല. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതുൾപ്പെടെ പ്രകടനപത്രികയിൽ അവശേഷിക്കുന്ന വാഗ്ദാനങ്ങൾ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. ഭരണഘടനാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും ജുഡീഷ്യറിയെ ശക്തിപ്പെടുത്തുന്നതിനും ഉതകുന്ന നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഉയർന്ന താങ്ങുവിലനൽകി കാർഷികവിളകൾ സംഭരിക്കുന്നതിനും റിക്കാർഡ് പട്ടയവിതരണം

നടത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് വിനിയോഗം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഐ.ടി. വികസനം ശക്തിപ്പെടുത്തുന്നതിനും വൻകിട കമ്പനികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സാധാരണക്കാർക്ക് സൗജന്യമായി ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനും സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും വിവിധ മേഖലകളുടെ വികസനത്തിനും വഴി തെളിക്കും. ചെറുകിട കേബിൾ ടി.വി സംരംഭകരെ സഹായിക്കുന്ന നിലയിലാണ് ടി പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. സമസ്ത മേഖലകളിലും വികസനം മുന്നിൽ കണ്ടുകൊണ്ട് ഈ വർഷം പന്ത്രണ്ടിന പരിപാടികൾക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. ജില്ലാ-താലൂക്ക് തലത്തിൽ ജില്ലാ കളക്ടർമാർ മുഖേന പരാതി പരിഹാര അദാലത്തുകൾ നടത്താൻ പരിപാടിയുണ്ട്. 14 ജില്ലകളിലായി ഇതുവരെ നടത്തിയ 66 ഇ-അദാലത്തുകളിലൂടെ 3426 പരാതികൾ ലഭ്യമാകുകയും 1885 എണ്ണത്തിന് തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. യുവാക്കളിൽ ലീഡർഷിപ്പ് ക്വാളിറ്റി നേടാൻ വേണ്ടി യൂത്ത് ലീഗ് അക്കാദമി രൂപീകരിക്കുന്നതാണ്. പൊതുജലാശയങ്ങളിലെ മത്സ്യ

വളർത്തലിനെ പ്രോത്സാഹിപ്പിക്കുന്നതാണ്. സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി ഓരോ വീട്ടിലും രണ്ട് പശുവിനെ വളർത്തുന്നതിന് വായ്പ നൽകുന്നതിനും ഓരോ പഞ്ചായത്തിലും ഒരു മിനി പശുവളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ രൂപീകരിച്ച സാമൂഹ്യസന്നദ്ധസേനയിൽ അംഗങ്ങളായ 3,57,501 പേർക്ക് ദുരന്തനിവാരണ പ്രവർത്തനങ്ങളടക്കമുള്ള മേഖലകളിൽ ഓൺലൈൻ പരിശീലനം നടത്തിവരികയാണ്. പൊതുജനാരോഗ്യ മേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം വികേന്ദ്രീകൃത ജനാധിപത്യ പ്രക്രിയയിലൂടെ ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് കേരളം നടത്തിവരുന്നത്. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളോട് സംസ്ഥാന സർക്കാർ പൂർണ്ണമായും സഹകരിക്കുന്നുണ്ട്. കൊവിഡ് 19-ന്റെ പ്രത്യാഘാതം കാരണം സമ്പദ്ഘടനയിലും നികുതി വരുമാനത്തിലുമുണ്ടായ ഇടിവ് പരിഗണിച്ച് സംസ്ഥാനങ്ങളുടെ വായ്പാപരിധി ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനത്തിൽനിന്ന് അഞ്ച് ശതമാനമായി ഉയർത്തണമെന്നും പ്രതിരോധ പ്രവർത്തനങ്ങൾക്കായി അധിക ഗ്രാന്റ് നൽകുന്ന കാര്യം 15-ാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്തണമെന്നും കേരളം

ആവശ്യപ്പെട്ടിട്ടുണ്ട്. അസംഘടിത മേഖലയിലെ ജീവനോപാധി നഷ്ടപ്പെട്ട ലക്ഷക്കണക്കിന് ആളുകൾക്ക് 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചു. സാമൂഹ്യ സുരക്ഷ/ക്ഷേമനിധി പെൻഷനുകൾ നൽകുന്നതിനോടൊപ്പം ഒരു ക്ഷേമനിധിയിലും അംഗമല്ലാത്ത ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 14 ലക്ഷത്തോളം റേഷൻ കാർഡുടമകൾക്ക് 1,000 രൂപ വീതം സമാശ്വാസധനമായി നൽകി. ഓണത്തിന് എല്ലാ റേഷൻ കാർഡുടമകൾക്കും അവശ്യസാധന കിറ്റ് നൽകുന്നുണ്ട്. കൊവിഡ്-19 രോഗവ്യാപനം തടയുന്നതിന് സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും സന്നദ്ധപ്രവർത്തകർക്ക് പരിശീലനം നൽകുകയും ആധികാരിക വിവരങ്ങൾ ലഭ്യമാക്കാൻ ജി.ഒ.കെ-ഡയറക്ട് എന്ന മൊബൈൽ ആപ് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. സമ്പർക്ക രോഗവ്യാപനം തടയുന്നത് ലക്ഷ്യമിട്ട് ടെസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും വിമർശനങ്ങളും ഉൾക്കൊണ്ടുകൊണ്ട് കുറവുകൾ തിരുത്തി മുന്നോട്ടുപോകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ട്രാഫിക് ഇൻഫർമേഷൻ ആന്റ് എൻഫോഴ്സ്മെന്റ് സിസ്റ്റം പൈലറ്റ് പ്രോജക്ട് ആയി തിരുവനന്തപുരം സിറ്റിയിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

പ്രളയദുരിതാശ്വാസം ലഭിക്കാനുള്ളവർക്ക് അടിയന്തരമായി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എറണാകുളം ജില്ലയിലെ പ്രളയഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ടവർക്കെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുപോകുകയാണ്. ഇലക്ട്രിക് വെഹിക്കിൾ നയം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരളത്തിലെ പരിസ്ഥിതിക്കിണങ്ങുന്ന ഇലക്ട്രിക് വെഹിക്കിൾ നയത്തെ അഴിമതിയുടെ പേരിൽ വിമർശിക്കുന്നത് സ്ഥാപിത താൽപ്പര്യങ്ങൾക്കുവേണ്ടിയാണ്. നിക്ഷേപത്തിന് തയ്യാറായിവരുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വിഴിഞ്ഞം തുറമുഖ വികസനത്തോടനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിലുണ്ടാകാവുന്ന ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഔട്ടർ റിംഗ് റോഡ് പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വൻകിട പദ്ധതികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ദേശീയ-അന്തർദേശീയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനും കൺസൾട്ടൻസികൾ അനിവാര്യമാണ്. നടപടിക്രമങ്ങൾ പാലിച്ചാണ്

കൺസൾട്ടൻസികളെ വർക്ക് ഏൽപ്പിക്കുന്നത്. തിരുവനന്തപുരം കോൺസുലേറ്റിൽനിന്നും മത-സാംസ്കാരിക-ആചാര നിർവ്വഹണത്തിന് അവസരമൊരുക്കണമെന്ന് അഭ്യർത്ഥിച്ചപ്പോൾ അതിനോട് സഹകരിക്കുകവഴി ന്യൂനപക്ഷങ്ങളെക്കുറിച്ചുള്ള കരുതലും മതസൗഹാർദ്ദത്തിന്റെ ഉന്നതമൂല്യങ്ങളും ഉയർത്തിപ്പിടിക്കുകയാണുണ്ടായത്. ഇതുസംബന്ധിച്ച അന്വേഷണം നേരിടാൻ തയ്യാറാണെന്ന് ബന്ധപ്പെട്ട മന്ത്രി അറിയിച്ചിട്ടുണ്ട്. സദുദ്ദേശ്യവും മനുഷ്യത്വവും സൗഹാർദ്ദപരവുമായ ഇടപെടൽ നടത്തിയതിനെ പ്രതിപക്ഷം വക്രീകരിക്കുകയാണ്. തിരുവനന്തപുരം വിമാനത്താവളത്തിൽ കസ്റ്റംസ് കണ്ടെത്തിയ സ്വർണ്ണക്കള്ളക്കടത്തിനെ തുടർന്ന് സമൂഹത്തിൽ തെറ്റിദ്ധാരണാപരമായ വസ്തുതകളാണ് പ്രചരിപ്പിക്കുന്നത്. പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ അധീനതയിൽപ്പെട്ട വിഷയത്തിൽ സംസ്ഥാന സർക്കാർ നടപടിയെടുത്തില്ലെന്ന ആക്ഷേപം സർക്കാരിനെതിരെ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ്. ദേശീയ സുരക്ഷയ്ക്ക് ഭീഷണിയാകുന്ന സ്വർണ്ണക്കള്ളക്കടത്തിനെക്കുറിച്ചുള്ള വാർത്തകൾ വന്നപ്പോൾത്തന്നെ ശക്തമായ അന്വേഷണം നടത്തണമെന്ന് പ്രധാനമന്ത്രിയോട് കത്തിലൂടെ ആവശ്യപ്പെട്ടതിനെത്തുടർന്ന് സമഗ്രാന്വേഷണത്തിന് ദേശീയ അന്വേഷണ

ഏജൻസിയെ കേന്ദ്ര സർക്കാർ ഏർപ്പെടുത്തുകയുണ്ടായി. സ്വർണ്ണക്കള്ളക്കടത്തിലെന്നല്ല, ഏത് ക്രിമിനൽ/അഴിമതി കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള ആർക്കും സംസ്ഥാന സർക്കാർ യാതൊരു സംരക്ഷണവും നൽകുകയില്ല. തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈ സ്പീഡ് റെയിൽ, ശബരിമല വിമാനത്താവളം, കോയമ്പത്തൂർ-കൊച്ചി വ്യവസായ ഇടനാഴി തുടങ്ങി കേരളത്തിന്റെ മുഖച്ഛായ മാറ്റുന്ന വൻകിട പദ്ധതികൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ടായിരിക്കും അത്തരം പദ്ധതികൾ നടപ്പാക്കുന്നത്. ഗെയിൽ പൈപ്പ് ലൈൻ പദ്ധതി ഉടൻതന്നെ യാഥാർത്ഥ്യമാകുന്നതാണ്. എല്ലാവരുടെയും പങ്കാളിത്തത്തോടെ മതസൗഹാർദ്ദവും നവോത്ഥാന മൂല്യങ്ങളും കാത്തുസൂക്ഷിക്കുന്ന ചുമതലയാണ് സർക്കാർ നിർവ്വഹിക്കുന്നത്. കോൺഗ്രസ്സിന്റെ അധികാരമോഹമാണ് അവിശ്വാസ പ്രമേയത്തിലേയ്ക്ക് അവരെ നയിച്ചത്. കേരള ചരിത്രത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ഇ.എം.എസ്. മന്ത്രിസഭയെ അട്ടിമറിച്ച് ജനാധിപത്യത്തെ ഇല്ലായ്മ ചെയ്ത സമീപനമാണ് കോൺഗ്രസ് കൈക്കൊണ്ടതെന്ന കാര്യം വിസ്മരിക്കരുത്. ചില ഏജൻസികളെയും മാധ്യമങ്ങളെയും കൂട്ടുപിടിച്ച് സർക്കാരിനെതിരെ പുകമറ സൃഷ്ടിച്ച്

രാഷ്ട്രീയലാഭം കൊയ്യാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സ്വർണ്ണക്കള്ളക്കടത്തുമായി ബന്ധമുണ്ടെന്ന് ആക്ഷേപം ഉയർന്ന ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുകയും ഏത് അന്വേഷണത്തെയും നേരിടാനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്ത ഗവൺമെന്റാണിത്. പൗരത്വ ഭേദഗതി നിയമത്തിനെതിരെ കൂട്ടായ സമരത്തിനുപോലും പ്രതിപക്ഷം തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. ഗവൺമെന്റിനോട് സഹകരിക്കാനോ ക്രിയാത്മക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാനോ പ്രതിപക്ഷം തയ്യാറായിട്ടില്ല. അധാർമ്മികമായി ഗവൺമെന്റിനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് അർഹതപ്പെട്ട പ്രതിഫലം ജനങ്ങളിൽനിന്ന് ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അവിശ്വാസ പ്രമേയം നിരാകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

അവിശ്വാസ പ്രമേയം 40-നെതിരെ 87 വോട്ടുകളോടെ സഭ നിരാകരിച്ചു.

## XIII പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ.പി. ജയരാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ഓണാശംസകൾ നേരുകയും ചെയ്തു.

സഭ ദേശീയഗാനാലാപനത്തോടെ രാത്രി 9.27-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.

*****